ദേവാലയങ്ങം ക്രിസ്തീയസമൂഹത്തിന ജീവന്റെ ഉറവിടങ്ങളാണ്. ദേവാലയത്തിൽ ക്രൈസ്തവൻ ദൈവത്തിനാരാധനയർപ്പിച്ചുകൊണ്ട്, ദൈവാനുഗ്രഹങ്ങം പ്രാപിച്ചുകൊണ്ട് തന്റെ ജീവിതത്തിനുവേണ്ടുന്ന കരുത്താർജ്ജിക്കുന്ന. വിശ്വാസമുഴുവൻ ദേവാലയമാക്കി രൂപാന്തരപ്പെടുത്തുക, സൃഷ്ടികർത്താവ് മനുഷ്യനുമായി പങ്കുവച്ച സർഗ്ഗചൈതന്യംകൊണ്ട് ഭൂമി നിറയ്ക്കുക, നിത്യം വികസ്വരമായ ചിന്തയിലേയ്ക്കും പ്രവൃത്തിയിലേയ്ക്കും മനുഷ്യനെ തിരിച്ചുവിടുക, ഇതാണ ദേവാലയത്തിന്റെ ദൗത്യം. ദേവാലയങ്ങം ക്രൈസ്തവീകരണത്തിന്റെ പ്രതീകങ്ങളാണ്; ക്രൈസ്തവീകരണം മാനുഷ്യവല്കരണമാണ്. വിദ്യാഭ്യാസപരവും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിലൂടെ, വിമോചനത്തിലൂടെ സമ്പൂർണ്ണമായ വളർച്ചയ്ക്കുവേണ്ടി യഥാർത്ഥ മനുഷ്യവത്ക്കരണത്തിനുവേണ്ടി സമൂഹത്തിന പിന്നിൽ പ്രവർത്തിക്കുന്ന പ്രചോദകശക്തിയാണ് ആരാധനാലയങ്ങം.

SHEPHERDS OF THE FLOCK




Rev. Dr. George Padinjarekutt L.D. D.C.L.

CHRIST entrusted his mission to his apostles. The bishops, their successors, are given the duty of shepherding, teaching and sanctifying the flock. The fulness of Christ's priesthood found in the episcopate is participated and shared by the priests through the sacerdotal ordination, and they become brothers and co-workers of the bishop in the pastoral ministry. This has been well described by the Second Vatican Council:


"So it was that Christ sent the apostles just as He Himself had been sent by the Father. Through these same apostles He made their successors, the bishops, sharers in His consecration and mission. Their ministerial role has been handed down to priests in a limited degree. Thus established in the order of the priesthood, they are co-workers of the episcopal order in the proper fulfilment of the apostolic mission entrusted to priests by Christ."

The dogmatic Constitution on the Church speaks of the relationship of the priest to the bishop in these words: "Priests, prudent co-operators with the episcopal order, as well as its aids and instruments, are called to serve the people of God. Priests take upon themselves, as far as they are able, his duties and concerns, discharging them with daily care. Intent always upon the welfare of God's children, they must strive to lend their effort to the pastoral work of the whole diocese, and even of the entire Church". The priests act under the authority of the bishop, though not strictly speaking in his name while still sharing part of the charge and solicitude of the bishop. The relationship thus established should be accompanied by an inward attitude of confidence, courage, respect and obedience such as is given to a father. The Council exhorts the bishops to make this confidence and obedience easy by regarding their priests, who are their co-workers, as sons and friends.


Keeping in mind the ideal of coresponsibility and co-operation in working for the Kingdom of God, from the very beginning of the diocese, under the leadership of the bishop, our priests have put all their talents and energy in the service of the Church. When the new diocese of Kothamangalam was established on 10th January 1957 it had 75 diocesan priests




Rev. Frs. Joseph Nampiaparambil, Jacob Thevarpadam, Thomas Peechat, Varghese Mothakunnel His Excellency Rt. Rev. Dr. Mathew Pothanamuzhi, Paul Kakanat, George Karakunnel, George Edattel, Joseph Perumpanany. (2nd row:) Joseph Neerampuzha, George Memana, Joseph Thekkanal, Kuriakose Kachiramattam, ThomasNampelil, John Vallamattam, Augustine Vattakuzhy, Mathew Moonjanat, James Vempilly, Thomas Chettiparampil. (3rd row:) Stanislaus Nedumpuram, Jose Kadukammakal, George Chelapuram, Sebastian Kadampanat, George Kurukoor, Pius Athikal, Mathew Vadakumpadam, George Arancherry, Joseph Thazhathuveetil, Mathew Tharayil, Cyriac Maniat, Jose Adappoor, (4th row:) Thomas Mundakal, Thomas Periapuram, Joseph Chemmarappilly, George Nirappath, Joseph Punnakapadavil, Augustine Pallikunnel, Thomas Malekudy, Paul Tharaniyil, Sebastian Neerolickal, George Velachery, Joseph Kannathukuzhy.



Rev. Frs. John Matheiken, John Pinakat, Mgr. Thomas Nedumkallel, Mathew Vellankal, His Ex. Mathew Pothanamuzhi, Paul Maliekal, Joseph Nampiaparampil, Mathew Matheikal, Zacharias Pittappillil, (2nd row) Jacob Puthyedam, Jacob Vadakekudy, Joseph Aikaramattam, John Kallarakal, Mathew Aenanickal, Joseph Koottumkal, Sebastian Edattel, Joseph Parayannilam, George Mundakal, Jacob Vattakat, (3rd row) Joseph Kandathinkara, Cosmos Kuzhikattumyalil, George Mundackal, Thomas Karingattil, Mathew Poonat, Mathew Kunnath, George Padinjarekut, George Pachayil, Joseph Kavumpuram, J. Cherian Koikakudy, (4th row) Thomas Kapiarumala, Joseph Meemboor, Joseph Arakal, Thomas Thekkekara, John Valiamattam, Jose Kottoor, John Anikottil, Joseph Koikakudy, Jose Peechat.



Rev. Fr. Mathew Mancheril, Paul Mandapam, George Chathamkott, Jacob Thevarpadam Sr., His Excellency the Bishop, Isaac Kapiarumala, Paul Vazhuthalakatt, Jacob Manchapilly, George Arukalil, (Second Row:) George Kapiarumala, Jacob Kalapura, Zacharias Thudianplackal, Philip Kunnakat. John Kodiamanal. George Monipilly, Mathew Veliapilly, Mathew Ezhanikatt, Mathew Kakanatt Sr., Mathew Pothanamuzhy, (3rd Row:) Augustine Nanthalath, John Elenjedath, George Kunnamkot, Jacob Panickaparambil. George Nedumgat, George Oliapuram Sr., Joseph Punnolil, Cyriac Amamthuruthil, Joseph Plathottam, Abraham Perumpananickal, Francis Athickal. (4th Row:) Mathew Tharamuttam, Joseph Koottaplackal, Varghese Uralikunnel, Mathew Edasserry, Francis Alappat, Joseph Kandathil, Mathew Thekkekara, Mathew Anikuzhikattil, Emmanuel Peechat.



Rev. Fr. Mathew Valiamattam, Joseph Mundackal, Luke Njaralakat, George Pittapilly, His Excellency the Bishop, Antony Nedumpuram, Joseph Kackuzhiyil, Paul Tharanyil, Emmanuel Kurianal (2nd Row:) Mathew Thekkekara Jr., Emmanuel Vattakuzhy, Peter Kizhakedath, James Thayil, George Kariamadam, George Karakunnel, George Oliapuram Jr., Mathew Kakkanatt Jr., Joseph Edappattukavumkal, Joseph Nellikunnel, (3rd Row:) Augustine Naduvilamakal, Xavier Parankimyalil, Thomas Kuzhinjalil, John Mattapilly, Augustine Mulanjanany, Mathew Thottiyil Jr., Joseph Pullan, Joseph Koickakudy, Cyriac Mancheril, John Kuttiyara, (4th Row:) Varghese Pulpra, Joseph Kuzhikandam, Thomas Pittappilly, Joseph Kochuparambil, Joseph Parayil, Paul Kodamullil, Joseph Keethapilly, Joseph Puthenkulam, Sebastian Kallumkal.

for the catholic population of 122135. During the last seventeen years the number of Catholics has gone up to 213840. But thanks to the numerous vocations to the priesthood, we have been able to cope with the growing pastoral needs of the diocese. The total number of diocesan priests today is 202. Out of these 145 are fully engaged in pastoral work in 164 parishes and mission stations. There are altogether twenty four priests teaching in seminaries, colleges and schools. Seven priests are in charge of different institutions. Another seven are at present doing their post-graduate studies in different universities here or abroad. There are two who are gone for a period of pastoral service in the missions. Seventeen of our priests are taking their well-deserved rest after long and dedicated service in the vineyard of Christ.

Eleven of our priests have taken Doctorate in different ecclesiastical subjects. Priests who have secured post-graduate degrees in secular subjects count sixteen. Within the last seventeen years twentyfive priests of this diocese have been called to receive their eternal reward.

Keenly aware of the paramount importance of priestly formation and knowing fully well that the integral progress of the diocese depends above all else on the ministry of priests vitalised by the Spirit of Christ, a Minor Seminary for the diocese was established already by 1957. The Seminary as the Second Vatican Council says is 'the heart of the diocese' and it has always been the concern of our diocese to give the best formation to the candidates for priesthood. From 1967, two years of college education was integrated into minor seminary studies. As an extension of St. Joseph's Minor Seminary at Kothamangalam, Vianney Hall was established in 1967 at Muvattupuzha for this purpose.

After three years of Minor Seminary course the students are sent to the Major Seminaries. There are altogether thirty one students in the Minor Seminary and forty seven students in the Major Seminaries. Among the Major Seminarians twenty students are in St. Joseph's Pontifical Seminary, Alwaye and twenty two are in St. Thomas Apostolic Seminary, Kottayam and five are in Papal Seminary, Poona. Within the last seventeen years 290 students were admitted and out of them ninety three are ordained priests, sixty seven are doing studies in the Major and Minor Seminaries.

I am happy to note that His Excellency the Bishop addressing an audience during the Sapthathi celebrations remarked that the spectacular progress the diocese has made, is the result of the dedicated service rendered by our priests. Well aware of their apostolic mission and co-responsibility in the church-extension work, the priests here have always promptly responded to the call of their Bishop to fulfill the pastoral needs of the diocese in every circumstance, facing any hardship and difficulty. Living in the midst of farmers who in recent decades have been migrating to the hill-districts of this diocese for agricultural purposes, our priests have rendered yeoman service to the social, economic and cultural welfare of the people of these areas. Under the able guidance of their bishop they have done pioneer work and shouldered heavy responsibilities of putting up churches, schools, convents hospitals and dispensaries.

They had to fight against great odds– wild animals, various kinds of tropical diseases and uncongenial climatic conditions. Many of them had to walk for long

hours, traversing rough and rugged foot paths and crossing dangerous streams and brooklets to reach their mission stations. They were actually trying to mould their life on the pattern of St. Paul who said "I will gladly spend and be spent for you". Seeing all people as the members of the one family of God, they serve all, irrespective of caste or creed. Thus they could put into practice the exhortation of the Vat. II "Because the human race is today joining more and more into a civic, economic, and social unity it is much more necessary that priests by combined effort and aid under the leadership of the bishop and supreme Pontiff, wipe out every kind of separateness so that the whole human race may be brought into the unity of the family of God."

Already in the wake of the second Vatican Council a Senate of Priests had been established in this diocese. With full awareness of the fact that co-responsibility is at the heart of the priestly mission, as in the mission of universal Church, the senate of priests assists the bishop effectively in the pastoral ministry and administration of the diocese by consultation and by counsel. There is also the body of diocesan Councillors which creditably engages itself in the apostolic activities expected of it. The monthly recollections arranged on forane levels help the priests to foster mutual co-operation and assistance in meeting the various pastoral needs.

For the priests who are retired from pastoral ministry a Priests house named Santhinilayam was started at Vazhappilly in 1967. In order that anxiety about old age and illness should not tell upon the zeal and dedication of the ministers of Christ, the Sacred Heart Provident Fund and Priests' Relief Fund have been established. They provide opportunity to all priests to give mutual help in a spirit of brotherliness.

To conclude, the success of the pastoral work depends on the zeal, dedication and co-operation of the priests. To make any plan operative the priests must co-operate. Whatever the bishop may say by way of instruction and guidance of the flock entrusted to his care, it is the priests who act as his vice-gerents and spokesmen. The bishop can make his presence effective among his people only through the priest who is his hand of benediction, the muscle of his efforts. It is through the knowledge of their priests that the people know their bishop. So it is of vital importance that the bishops love and accept their priests in fraternal affection and that priests in turn hold fast to the bond with which the Lord has united them to their Father in Christ.



മണിവർണ്ണമാല്യം

Rosakutty Kappen M.A.

സ്നേഹത്തിൻ–സ്വർഗ്ഗീയസ്നേഹത്തിൻ–ദീപം....
സത്യസനാതനസ്നേഹത്തിൻദീപം....
സായൂജ്യമരുളുന്നോരഭിരാമദീപം....
സവിശേഷസ്നേഹത്തിൻ സൌവർണ്ണദീപം !

സകലേശപ്രതിരോസമവനിയിലെങ്ങും
സജീവതപമരുളുന്ന പരമപ്രകാശം....
സ്നേഹത്തിൻസാമ്രാജ്യം പണിയുന്ന ശക്തി....
സൌഹിത്യമണിയിക്കും സർവ്വാത്മശക്തി !

സ്നേഹിക്കാൻ മാത്രമായ് സ്നേഹത്തിൻ ദൈവം—
സുഖശാന്തിയരുളുന്ന കാരുണ്യക്കാതൽ—
സുവിശേഷമറിയിക്കും ഗുരുനാഥൻ മിശിഹാ—
സ്നേഹത്തിൻ പൊരുളാകും ജീവൽപ്രകാശം !

ആ ദിവ്യസൂര്യന്റെ ദിവ്യപ്രകാശം
ആരാധ്യനവിടുത്തെ ഹൃദയത്തിൽനിന്നും—
അവിഭക്തബന്ധത്തിനുറവയിൽനിന്നും—
ആയിരത്തിരിയോലും സത്യപ്രദീപം !

മിശിഹാതൻ സാമ്രാജ്യശില്പികരം നമ്മൾ !
മായാത്ത സ്നേഹത്തിൻ ഗായകർ നമ്മൾ !
മഹനീയസൌഭാഗ്യത്തിൻ വാഹികരം നമ്മൾ !
മുന്നോട്ട്....മുന്നോട്ട്....നടകൊള്ളും നമ്മൾ !

നമ്മംക്കു വഴികാട്ടുന്നഭിവന്ദ്യതാതൻ....
നവലോകം പണിയുന്ന കമ്മപ്രബുദ്ധൻ....
നമ്മംക്കു പറുദീസാ വിരചിക്കാനെന്നും
നൈപുണ്യം പകരുന്ന രൂപതാദ്ധ്യക്ഷൻ !

ത്യാഗാത്മകമ്മങ്ങളൊന്നിനു നൂറായ്
തളിരിട്ട പൂവിട്ട വിലസട്ടെ മന്നിൽ !
തണലേകും തരുവിൻെറ തേൻകനിയുണ്ണാൻ
തളരുന്ന ജനതകളണയട്ടെ വേഗം !

ഒരു നല്ലനാളേയ്ക്കു വീഥിയൊരുക്കും....
ഒരുനാളും മായാത്ത മുദ്രകൾ ചാർത്തും....
ഒരുമതൻ സന്ദേശമുലകിനു നൽകും
ഓജസ്വീ....വിജയിക്കു....വിജയിക്കു നീണാൾ !

അവിടുത്തേക്കായിരം മധുപുഷ്പമാല്യം....
അവിടുത്തേക്കായിരം ആശംസാപുഷ്പം !
അവിടുത്തേക്കാത്മാർത്ഥഹൃദയങ്ങൾ നെയ്ത
അതിശോഭ തിരളുന്ന മണിവർണ്ണമാല്യം !



ആതുരസേവനം

സേവനനിരതയായ ക്രൈസ്തവസഭ ആതുരശുശ്രൂഷാ രംഗത്തു് എക്കാലവും അതീവതാല്പര്യം കാണിച്ചുവന്നിട്ടുണ്ടു്. ഈ രംഗത്തു സഭയ്ക്കുള്ള സ്തുത്യർഹമായ സേവന പാരമ്പര്യം കോതമംഗലം രൂപതയുടെ ചരിത്രത്തിലും ദൃശ്യമാണു്. പതിനേഴു വർഷങ്ങൾക്കുമുമ്പാണു് തൊടുപുഴ, മൂവാറ്റുപുഴ, ഉടുമ്പഞ്ചോല എന്നീ താലൂക്കുകൾ ഉൾക്കൊള്ളിച്ചുകൊണ്ടു കോതമംഗലം രൂപത സ്ഥാപിതമായതു്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു ചികിത്സാസൗകര്യം ഒട്ടുംതന്നെ ഇല്ലാതിരുന്ന പ്രദേശങ്ങളാണിവ, പ്രത്യേകിച്ചു ഹൈറേഞ്ചുപ്രദേശങ്ങൾ.

ഹൈറേഞ്ചിലെ കുടിയേറ്റക്കാരെ വീർപ്പുമുട്ടിച്ച ഏറ്റം വലിയ പ്രശ്നം വൈദ്യസഹായത്തിന്റെ അഭാവമായിരുന്നു. മലമ്പനിയോടും മറ്റു പലവിധ മാറാരോഗങ്ങളോടും മല്ലടിച്ചു കഷ്ടപ്പെട്ടിരുന്ന മലയോരങ്ങളിലെ അദ്ധ്വാനശീലരായ ആളുകൾക്കു ചികിത്സാസൗകര്യം ലഭിക്കണമായിരുന്നുവെങ്കിൽ അൻപതും അറുപതും മൈലുകൾ യാത്രചെയ്തു മൂവാറ്റുപുഴയോ തൊടുപുഴയോ ഉള്ള ആശുപത്രിയെ അഭയംപ്രാപിക്കേണ്ടിയിരുന്നു. നാട്ടിൽ വന്ന വാഹനവുമായി തിരിച്ചുചെന്നു്, രോഗിയേയുംകൊണ്ടു് ആശുപത്രിയിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേതന്നെ പലരും അന്ത്യശ്വാസം വലിക്കുന്ന നിരാശാജനകമായ അനുഭവമാണു പലപ്പോഴുമുണ്ടാകുന്നതു്. പ്രസവത്തോടനുബന്ധിച്ചുള്ള മാതൃമരണവും ശിശുമരണവും സാധാരണമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ തക്കസമയത്തു ശരിയായ പരിചരണം ലഭിക്കാത്തതുകൊണ്ടു് നിരവധി രോഗികൾ അനുദിനം



Sri. P. D. Sebastian

മരണമടയുന്ന പരിതഃസ്ഥിതിയാണുണ്ടായിരുന്നതു്.

ഹൈറേഞ്ചിലേയ്ക്കുള്ള കുടിയേറ്റക്കാരുടെ മുന്നേറ്റം ഏറ്റം കൂടുതലായുണ്ടായതു് 1955 മുതൽ 1965 വരെയുള്ള കാലഘട്ടത്തിലാണു്. ഈ കാലഘട്ടത്തിൽത്തന്നെയാണു കോതമംഗലം രൂപത സ്ഥാപിതമായതും എന്നതു വസ്തുത സ്മരണീയമാണു്. ഹൈറേഞ്ചിന്റെ വികസനം പുതിയ രൂപതയെ സംബന്ധിച്ചിടത്തോളം ഒരു വലിയ വെല്ലുവിളിയായിരുന്നു. രൂപതയെ ഒരു ഹൈറേഞ്ചുരൂപത എന്നു വിശേഷിപ്പിച്ചാൽ അതിൽ അതിശയോക്തി ഉണ്ടായിരിക്കുകയില്ല. മലയോരങ്ങളിലെ ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനായി ക്രിയാത്മകമായ പങ്കുവഹിക്കാനായി ഓ

രോ ഇടവകയും തയ്യാറായി മുന്നോട്ടുവന്നു. വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവ ഹൈറേഞ്ചു നിവാസികളുടെ ഏറ്റവും വലിയ ആവശ്യങ്ങളായിരുന്നു. വിദ്യാഭ്യാസരംഗത്തെന്നപോലെ ആതുരശുശ്രൂഷാരംഗത്തും അഭിവന്ദ്യപിതാവിനേറെയും വൈദികരുടേയും സന്യാസിനികളുടേയും ഇടവകജനങ്ങളുടേയും ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടതുകൊണ്ടാണ് ഏതാണ്ട് ഒരു ഡസനോളം ചികിത്സാലയങ്ങൾ ഇന്നു ഹൈറേഞ്ചിൽ ഉണ്ടായിട്ടുള്ളത്. ഏതാനും വർഷങ്ങൾക്കുമുമ്പ് നാട്ടിൻപുറത്തും ചികിത്സാസൗകര്യങ്ങൾ നന്നേ കുറവായിരുന്നുവെന്നതു് ഒരു വസ്തുത മാത്രമാണ്. നാട്ടിൻപുറങ്ങളിലെ എല്ലാ ഗ്രാമങ്ങളിലുംതന്നെ വൈദ്യസഹായം എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ അതിനുപിന്നിൽ കാണുന്ന സത്യം മറെറാന്നല്ല. പേരിനുമാത്രം ഒന്നോ രണ്ടോ ആശുപത്രികളാണ് 1957-ൽ രൂപത ആരംഭിക്കുമ്പോൾ ഇവിടെയുണ്ടായിരുന്നതു്. അന്നുണ്ടായിരുന്നവയെത്തന്നെ വളരെ വികസിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല അരഡസനിൽ കൂടുതൽ ആശുപത്രികളും നാട്ടിൻപുറങ്ങളിൽ പലയിടങ്ങളിലായി പുതുതായി ആരംഭിച്ചിട്ടുണ്ട്.


ആകെക്കൂടി നോക്കിയാൽ കോതമംഗലം രൂപതയുടെ വിവിധ ഭാഗങ്ങളിലായി ഇന്ന് 20 ആശുപത്രികളും 14 ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ചിലതു് രൂപത നേരിട്ടു നടത്തുന്നതും ചിലതു് ഇടവകകളും നടത്തുന്നതും മറു ചിലതു് സന്യാസസഭകളും നടത്തുന്നവയുമാണ്. രൂപതയിൽനിന്നു നേരിട്ടു നടത്തുന്നവയിൽ പ്രധാനപ്പെട്ടവയാണ് കരുണാഹോസ്പിറെറൽ നെടുംകണ്ടം, മേഴ്സി ഹോസ്പിറെറൽ രാജാക്കാട്, സമരിറെറൻ ഹോസ്പിറെറൽ മുരിക്കാശ്ശേരി, വിമലാ ഹോസ്പിറെറൽ പെരുമ്പാവൂർ.

1959-ൽ രാജാക്കാട് സ്ഥാപിതമായ 40 കിടക്കകളുള്ള മേഴ്സി ഹോസ്പിറെറൽ രൂപതയിൽ നിന്നാരംഭിച്ച ഹൈറേഞ്ചിലെ ആദ്യത്തെ ആശുപത്രിയാണ്. 25 കിടക്കകളോടുകൂടിയ സമരിറെറൻ ഹോസ്പിറെറൽ 1969-ലാണ് ആരംഭിച്ചതു്. 1969-ൽത്തന്നെ ആരംഭിച്ച വിമലാഹോസ്പിറെറൽ പെരുമ്പാവൂർ 40കിടക്കകളോടുകൂടിയ ഒരു ചികിത്സാകേന്ദ്രമാണ്. കോതമംഗലം രൂപതയുടെ വിസ്തീർണ്ണത്തിൽ ഭൂരിഭാഗം വരുന്ന ഹൈറേഞ്ചിലെ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട് ആധുനിക രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള ഒരു മേജർ ആശുപത്രിയാണ് കരുണാഹോസ്പിറെറൽ നെടുങ്കണ്ടം. മിസെരയോർ സംഘടനയുടെ ധനസഹായത്തോടെയാണ് ഈ ആശുപത്രി ഇവിടെ പണിതുയർത്തിയിട്ടുള്ളതു്. 1973-ലാണ് ഇതിന്റെ പണി പൂർത്തിയായതു്. മുണ്ടിയെരുമ, പാമ്പാടുംപാറ, കല്ലാർ, കുരുപാലം, ചേമ്പളം, എഴുകുംവയൽ, മൈലാടുംപാറ, ഉടുമ്പഞ്ചോല, ചെമ്മണ്ണാർ തുടങ്ങിയ സ്ഥലങ്ങളിലെ ജനങ്ങൾക്ക് ഈ ആശുപത്രി അത്യധികം പ്രയോജനപ്രദമാണ്.

ഇടവകകൾ നേരിട്ടുനടത്തുന്ന ആശുപത്രികളാണ് ജൂബിലി മെമ്മോറിയൽ ഹോസ്പിറെറൽ കല്ലുക്കുടി, സെൻറ് ജോർജ്ജസ് ഹോസ്പിറെറൽ വാഴക്കുളം, ജയ്മാതാ ഹോസ്പിറെറൽ എഴുകുംവയൽ എന്നിവ. 75 കിടക്കകളോടുകൂടിയ ജൂബിലി മെമ്മോറിയൽ ഹോസ്പിറെറൽ കല്ലുക്കുടി കോതമംഗലം രൂപതയിലെ ആദ്യത്തെ ആശുപത്രിയാണ്. രൂപതാദ്ധ്യക്ഷൻ വാഴക്കുളം ഇടവകയിൽ വികാരിയായിരിക്കുമ്പോൾ ആരംഭിച്ചതാണ് സെൻറ് ജോർജ്ജസ് ഹോസ്പിറെറൽ വാഴക്കുളം. അവിടെ ഇപ്പോൾ നൂറിനടുത്തോളം കിടക്കകൾ ഉണ്ട്. 1968-ൽ എഴുകുംവയൽ ഇടവകയിൽ ആരംഭിച്ച ജയ്മാതാ ഹോസ്പിറെറലിനു 25 കിടക്കകളുണ്ട്.

ആതുരശുശ്രൂഷാരംഗത്തു സേവനം ചെയ്യുന്ന സന്യാസവിഭാഗങ്ങളിൽ ഏറ്റവും സുപ്രധാനം മെഡിക്കൽ സിസ്റ്റേഴ്സ്

For the Sick and Suffering




1. Kothamangalam, Dharmagiri central (1930)



2. Kalloorkad, Jubilee Memorial (1948)




3. Vazhakulam, St. George's (1955)




4. Karimannoor, St. Mary's (1940)




5. Muthalakodam, Holy Family (1961)




6. Arakuzha, Sacred Heart (1960)




7. Ezhukumvayal, Jaimatha (1968)




8. Pynkulam, S. Heart (1970)




9. Vellathooval, Vimala (1969)




10. Murikkassery, Samaritan (1969)




11. Nedumkandam, Karuna (1973)




12. Pothanikad, St. Thomas (1960)




13. Kcduvely, Pushpagiri (1965)



14. Ellakal, St. Xavier's (1961)




15. Kaloor, St. Vincent (1967)




16. Rajakad, Mercy (1954)
17. Kottappady (1963)
18. Kuttampuzha (1964)
19. Narakakanam (1969)
20. Vazhithala (1973)


Religious Houses of Men



Carmelite Monastery Vazhakulam (1859)



Vincentian Ashram Thodupuzha (1958)



Capuchin Ashram Vazhappilly,
Muvattupuzha (1960)

ഓഫ് സെൻറ് ജോസഫ് ആണ്. ഇവർ നടത്തുന്ന സെൻ് ജോസഫ്സ് സെൻട്രൽ ഹോസ്പിറ്റൽ ധർമ്മഗിരി എല്ലാ ആധുനികസജ്ജീകരണങ്ങളോടും കൂടിയ ഒരു മേജർ ഹോസ്പിറ്റലാണ്. എല്ലാ വകുപ്പുകളും കൈകാര്യം ചെയ്യുന്നതിനുവേണ്ട സ്പെഷ്യലിസ്റ്റുകളും ഇവിടെയുണ്ട്. ഹോസ്പിറ്റലിനോടനുബന്ധിച്ചുതന്നെ ഒരു നേഴ്സിംഗ്സ്കൂളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സെൻറ് സേവ്യേഴ്സ് ഹോസ്പിറ്റൽ എല്ലക്കൽ, സെൻറ് മേരീസ് ഹോസ്പിറ്റൽ കരിമണ്ണൂർ, സേക്രഡ് ഹാർട്ട് ഹോസ്പിറ്റൽ ആരക്കുഴ, സെൻറ് വിൻസെൻറ് ഹോസ്പിറ്റൽ കലൂർ, സെൻറ് ജോസഫ്സ് ഹോസ്പിറ്റൽ കുട്ടമ്പുഴ, സെൻറ് ജോൺസ് ഹോസ്പിറ്റൽ കോട്ടപ്പടി എന്നിവയും മെഡിക്കൽ സിസ്റ്റേഴ്സ് നടത്തുന്ന ചികിത്സാകേന്ദ്രങ്ങളാണ്. വിദേശത്തു, സ്വദേശത്തു, പരിശീലനം സിദ്ധിച്ച ഡോക്ടർമാരും നേഴ്സുമാരും ഇവരുടെയിടയിൽത്തന്നെയുണ്ട്.

തിരുഹൃദയസഭയിലെ സഹോദരിമാരും ആതുരശുശ്രൂഷാരംഗത്തു പ്രവർത്തിക്കുന്നുണ്ട്. 1961-ൽ ആരംഭിച്ച ഹോളിഫാമിലി ഹോസ്പിറ്റൽ മുതലക്കോടം, 1970-ൽ ആരംഭിച്ച സേക്രട്ട് ഹാർട്ട് ഹോസ്പിറ്റൽ പൈങ്കുളം എന്നിവ ഇവർ നടത്തുന്ന ആതുരാലയങ്ങളാണ്. എല്ലാ ആധുനിക സജ്ജീകരണങ്ങളോടുംകൂടിയ ഹോളിഫാമിലി ഹോസ്പിറ്റലിനു് 100-ൽപരം കിടക്കകളുണ്ട്. വഴിത്തലകരുണ ഹോസ്പിറ്റൽ ആരാധനസഭാംഗങ്ങളും നടത്തുന്നതാണ്. കൊട്ടവേലി ആശ്രമത്തോടനുബന്ധിച്ചു് കമ്മലീത്ത വൈദികരും ഒരു ആശുപത്രി നടത്തുന്നുണ്ട്. വിൻസൻഷ്യൻ വൈദികരുടെ നേതൃത്വത്തിൽ ആരംഭിച്ചതാണു സഹായഗിരി ഹോസ്പിറ്റൽ മായൂർ.

മേൽപറഞ്ഞ ആശുപത്രികൾക്കുപുറമേ ഇടവകകളോടനുബന്ധിച്ചും സിസ്റ്റേഴ്സിൻെറ മേൽനോട്ടത്തിലും മറ്റുമായി നടത്തുന്ന അനേകം ഡിസ്പൻസറികളും ശ്രുതയുടെ വിവിധ ഭാഗങ്ങളിലായുണ്ട്. നാരകക്കാനം, ചെപ്പുകുളം, കാളിയാർ, കാന്തല്ലൂർ, കുമ്പൻപാറ, മൈക്കിംഗിരി, നെടുങ്ങപ്ര, നെല്ലിമറ്റം, ഊന്നുകൽ, പനംകുട്ടി, പാറത്തോട്, പെരിങ്ങഴ, രാജകുമാരി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പൻസറികളും പൊതുജനങ്ങൾക്കു വളരെയധികം സേവനംചെയ്തുകൊണ്ടിരിക്കുന്നു.

അഭിവന്ദ്യപിതാവും അനേകം വൈദികരും ബദ്ധശ്രദ്ധരായി പ്രവർത്തിച്ചതിൻെറ ഫലമായാണ് ഇത്രയും ചികിത്സാസൗകര്യങ്ങൾ ഇന്നു ശ്രുതയുടെ വിവിധ ഭാഗങ്ങളിലായി ഉണ്ടായിട്ടുള്ളതു്. മുപ്പത്തിയഞ്ചോളം വരുന്ന ഈ ശ്രുതയിലെ ആശുപത്രികൾക്കെല്ലാംകൂടി കോടിക്കണക്കിനു രൂപ മുതൽമുടക്കുണ്ട്. ഉദാരമതികളും സേവനതല്പരരുമായ ജനങ്ങളുടെ സംഭാവനയാണ് ഇവയ്ക്കെല്ലാം ആശ്രയമായിട്ടുള്ളതു്. കഴിവും കാര്യശേഷിയും പ്രാഗത്ഭ്യവും പരിശീലനവുമുള്ള ഡോക്ടർമാരുടേയും നേഴ്സിംഗ് സ്റ്റാഫിൻേറയും സേവനമാണ് ഈ ആശുപത്രികളുടെയെല്ലാം വിജയത്തിനു് അടിസ്ഥാനം. അർപ്പണമനോഭാവത്തോടും ത്യാഗസന്നദ്ധതയോടുംകൂടെ ആതുരാലയങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാരും നേഴ്സിംഗ് സിസ്റ്റേഴ്സും മഹത്തായ ഒരു പ്രേഷിതവൃത്തിതന്നെയാണു ചെയ്യുക.

RELIGIOUS CONGREGATIONS



Fr. Methodius C. M. I.

RELIGIOUS Congregations have been always at the service of the Church in fulfilling her mission. One cannot over look the great service they have rendered in the field of evangelisation and social replift throughout the history of the Church. In Kerala, it was in the 19th century that religious life received a new impetus. What is worth noting at this juncture of the history of the Church in Kerala, is the development of indigenous religious Congregations, both for men and women. In the early decades of this century many new congregations were founded. And today religious life is here flourishing. There are four religious Congregations for men and seven for women working in the diocese of Kothamangalam.

CONGREGATIONS FOR MEN

I Carmelites of Mary Immaculate (C.M.I)

This is the first indigenous congregation in Kerala. Frs. Thomas Palackal and Thomas Porookara were people who received inspiration for prayer and contemplative life. On their initiative a small house was started at Mannanam in the old Travancore State with the permission and blessing of Bishop Mauritius Stabilini, the then Apostolic Vicar of Verapoly. Thus the congregation took its origin.

With the aim to satisfy the felt need of the Church at all times the Congregation has launched into various types of activities. Evangelization, education, social work, mass communication media are its major fields of activity. Outside Kerala four ecclesiastical units are entrusted to the Congregation which has at present 1200 members distributed all over India and in the various parts of Europe and America.

The Carmelite Fathers of Mary Immaculate were the only religious men existing in the diocese in 1957, when it was inaugurated. The first house of the Congregation in the diocese, Mount Carmel Monastery Vazhakulam dates back to 1859. It is the second house of the C. M. I. Fathers. The Infant Jesus High School run by the monastery has done a great service to the education of the people of the area. The school takes pride in having educated the first Bishop of this

diocese. There are two other houses in the diocese one at Koduvely and another at Kothamangalam. There are three parishes, Kythapara, Calvary Mount and Korandikad administered by the Congregation. There is one station at Purapuzha. A small mission station is run by the Congregation at Thomankuth. Altogether twentytwo priests and six brothers are at present working in the diocese of Kothamangalam.

II Vincention Congregatian (V. C.)

The Vincentian Congregation came into existence in 1927. The Vincentian Fathers stepped into the diocese of Kothamangalam with the opening of the house at Thodupuzha in 1958. The De Paul English Medium School managed by the Fathers of the house is held in high esteem for its efficiency in teaching and training students. They also manage a press. The second house of the Vincentians in the diocese is at Marayoor. The Sahayagiri hospital, Marayoor meets the pressing need of the people of this undeveloped region. Other developmental programmes are also sponsored by them. The parish of Sahayagiri is run by them. The Vincentian Fathers have voluntarily come forward to meet the pastoral needs whenever required. Altogether ten Fathers work in the Diocese of Kothamangalam.

III Capuchins (O. F. M. Cap.)

Loreto Ashram Vazhappilly is the first house of the Capuchin Friars in the Kothamangalam diocese. This was opened in 1961. Since then it has slowly been developing into a many-sided institution. There is a novitiate house attached to the Ashram. A nursery school is conducted there. A handi-craft centre for giving job to the poor people of the place was also recently started. Santhibhavan Chinnar is their next house in this diocese. Situated in an area where there is scarcity of priests, its members have been always ready to extend their helping hands whereever needed. A new house is established recently in Vellayamkudy parish.

IV The Missionary Congregation of the Blessed Sacrament. (M.C.B.S)

The Missionary Congregation of the Blessed Sacrament was established in 1939. Drawing all power from the Eucharist, its members enter upon various activities. They preach retreats, work for the uplift of the poor, do educational works, etc. The first house of the Congregation in the diocese of Kothamangalam was started at Kompayar in 1962. It has done valuable service to the development of the neighbouring places especially Thookupalam.

CONGREGATION FOR WOMEN

I Congregation of the Mother of Carmel (C.M.C.)

This has been the first indigenous religious Congregation for women in Kerala. Also it is the first one to take root in the diocese of Kothamangalam. It was founded by Rev. Fr. Kuriakose Elias, Servant of God. The first house was established at Koonammavu on 13th February 1866. In response to the repeated requests of the pious parishioners, a house was opened at Arakuzha in 1895. This is the first religious convent in the present diocese of Kothamangalam.

The general goals of the congregation are to attain the highest levels of prayer and contemplation through total detatchment and renunciation and to work and to live for the Church. A special devotion to Mary Mother of Christ is, characteristic,

of the Congregation. To meet the goals set forth in the constitution of the Congregation the Carmelite Sisters undertake the education of the children and the youth, giving religious instruction, tending the poor, the sick, and the forsaken, imparting vocational and technical training and other apostolic activities to meet the needs of the times. The Congregation known as the Third Order of the discalced Carmelites was raised to Pontifical State on March 2nd, 1967 and adopted the new name Congregation of the Mother of Carmel (C. M. C.). At present the central house of the integrated Carmel in Kerala is Mount Carmel Generalate, Alwaye. The Headquarters of the Pavanatma Province, is at Kothamangalam itself. Very remarkable growth has been achieved by this province ever since its constitution in 1961. In the place of the nine houses and 240 members, now there are twenty four houses 472 members in this Province. To meet the growing demands of the Church in India, they have extended their activities to the Exarchate of Satna, and the dioceses Dalton Gunge and Bhagalpur.

II Franciscan Clarist Congregation (F. C. C.)

This Congregation was founded on December 14th, 1888, in Changanacherry by His Excellency Rt. Rev. Dr. Charles Lavinge. With the permission of Archbishop Kandathil, Rev. Fr. Xavier Kochumuttom started a branch of the house on February 4, 1930 at Pyngottoor, which is the first house in the present diocese of Kothamangalam. Angamaly was the Mother house then. Till the creation of the Kothamangalam Province in 1962 the Clarist Congregation ramained as one unit. The Vimala Province of Kothamangalam has nine houses and 350 members.

In 1969 the members of F. C. C. were invited to render their service in the exarchates of Ujain, Raipur and Chanda. Now 36 sisters work there. The specific goal of the Congregation is to present the poor and humble Christ to the world through apostolate like education, nursing and tending the poor. At present the congregation has twenty seven houses and 425 members. Clarist Sisters serve not only in diocesan institutions but in Government institutions as well. The diocesan units of the congregation were unified under one General Superior in 1970. In 1973 the Constitution was approved by the Holy See and the Congregation was blessed with Pontifical Right.


III Sisters of the Adoration of the Blessed Sacrament. (S.A.B.S.)

The Adoration Congregation was founded in Kerala by Rt. Rev. Dr. Thomas Kurialacherry on December 8, 1908 in Edathua. The chief goals of the congregation are Adoration of the Blessed Sacrament and service of the people of God, "Love, service, and sacrifice" is their motto.


On September 8, 1948 Rev. Fr. Joseph Sankoorickal started a new house at Marika. May 10, 1961 marks the birth of the Kothamangalam Province. Marika, the first house continues as the novitiate house and the headquarters of the new province. At present they have 22 houses and 391 members. The main fields of apostolate are education and nursing. They also serve the missions in Orissa and Punjab. The Congregation spread over the various dioceses in Kerala and working as diocesan units was unified under one Superior General in 1963. On February 11, 1968 the congregation was raised to the Pontifical Right.

Religious Houses of Women


Generalates / Provincial houses



1. Kothamangalam Kozhippilly, Carmelite (1866)




2. Marika, Adoration (1933)



3. Mulavoor Vazhappilly, Clarist (1928)




4. Kothamangalam, Dharmagiri M.S.J. (1944)



5. Kothamangalam, Sacred Heart (1938)


For the Poor and Forsaken




1. Vazhakulam, Balabhavan



2. Pynkulam, Snehabhavan




3. Peringuzha, Home for the Aged



4. Kothamangalam, St. Joseph's Asylum



5. Michaelgiri, Balamandiram



6. Karimannoor, Karunalayam

IV Sacred Heart Congregation (S. H.)

The outstanding humanitarian spirit and the intense devotion to the Sacred Heart of Rev. Fr. Mathew Kadalikattil found expression in the establishment of the S. H. Congregation in the parish of Palai on January 1st, 1911. The congregation aimed at living a life of hard toil following the example of the Holy Family, such as undertaking works of mercy sheltering and supporting the poor, the orphans and the abandoned and educating the children, thus attaining self-perfection and sanctification of souls, so as to offer consolation to the agonising Heart of Jesus. The first house of the congregation in the diocese was opened by Very Rev. Mgr. Francis Thekkekara at Mylakomp in 1938. Now there are 26 houses and 438 Sisters in the diocese. They undertake nursing, teaching, printing, parish activities and the conduct of pious organisations. They have recently taken up missionary activities in the North. The diocesan units of the Congregation are taking the first steps for the integration of the different units under a Mother General.

V Medical Sisters of St. Joseph (M.S.J.)

The late Very Rev. Mgr. Joseph Panjikaran, with the official sanction of H. E. Archbishop Augustine Kandathil started the M.S.J. Congregation, with Dharmagiri as its headquarters. It is a diocesan Congregation of religious women, leading contemplative and active way of life based on the evangelical counsels and observing the vows of chastity, poverty and obedience. It was originated from the founder's zeal for souls and solicitude for the poor and the sick. The first batch of novices got religious training under a canossian nun, Mother Miriam (Italy) and made their first profession on July 3rd, 1946.

In 1949 when the founder left for his heavenly reward, Mgr. George Menacherry was appointed director. 18 years of his efficient guidance and untiring work have made the congregation what it is today. Bearing in mind the words of Christ, "when you did it to the least of your brethren, you did it to me", they take up nursing the sick as their chief apostolate. They run hospitals of all types, mobile clinics, dispensaries, asylums for the deaf, dumb, blind, deformed, mentally retarded and the aged sick and undertake Community health services. The central house is at Dharmagiri, Kothamangalam. Now they have 23 houses distributed over the diocese of Ernakulam, Kothamangalam, Tellicherry and Lucknow and 344 members.

VI Sisters of the Destitute (S. D.)

The long cherished dream of Archbishop Mar Augustine Kandathil to offer refuge and protection to the destitute and afflicted was realised when V. Rev. Fr. Varghese Payappilly founded the Congregation of the Sisters of the Destitute at Chunangumvely, Alwaye, on March 19, 1927. After the death of the founder, Mgr. George Valliarampath guided the infant Congregation. Now they have 600 members distributed in 38 houses. The Sisters now serve in Kerala, North India and Germany. In the diocese of Kothamangalam the congregation has four houses. The Sisters render their humble services in the General Hospital, Muvattupuzha and the diocesan schools, poor homes and dispensaries. They also help in religious instruction and parish activities. House-visit is the chief way of social work. Through this they get opportunities to share the distress and suffering of the poor and the afflicted. Christ's assurance that whatever is done to the least of our brethren is done to Him, inspires the Sisters and strengthens their steps.

VII Congregation of the Sisters of Nazareth (C. S. N.)


With the blessing and sanction of the Venerable Archbishop Kandathil, Rev. Fr. John Pinakatt founded the Congregation at Paduapuram (Edakkunnu) in 1948 with the specific goal of the welfare and protection of families. Home Science Institute, refuge homes, dispensaries, L. P. Schools, Industrial school, press, house-visiting are the main forms of apostolate undertaken by the members of the Congregation to satisfy the pressing needs of the times. In 1968, the first house of the Congregation in the diocese of Kothamangalam was started at Kanthalloor by Rev. Fr. Pinakatt. There is a dispensary and a priests home (built by Very Rev. Mgr. Thomas Nedumkallel) attached to the house. The second house is St. Michael's Convent, Michaelgiri, Marayoor, started in 1969. An unaided L. P. School and Orphanage are run there. St. Maria Goretti's Convent in Pius gardens, started in 1971 is the third convent. The plot was donated by Rev. Fr. John Matheiken in memory of his Sacerdotal Silver Jubilee. Here also they conduct a dispensary, home-science institute, craft and needle work class, a baby-home, a priests-home and nursury school. There are seventeen sisters working in this diocese.

Conclusion

A glimpse into the growth of the religious congregations in the diocese reveals the remarkable progress they have achieved in a short span of one decade and a half. Each one of these has contributed their share to the all-round development of this diocese and they are esteemed for the service they render to the people. The paternal solicitude and benevolent patronage of His Excellency our Bishop is mainly responsible for all these achievements. The duty of all these Religious Congregations is to present Christ to the world. May our religious Congregations prosper day after day to fulfill this noble goal set before them all.



The Staff of Nirmala College Greets the Bishop




The Staff of Newman College Greets the Bishop

അത്മായർ കർമ്മരംഗത്തു്

സഭയിൽ അത്മായക്കുള്ള ഭാഗഭാഗിത്വത്തെക്കുറിച്ചു് വ്യക്തമായ ധാരണകയ്യം നല്കിയതു് രണ്ടാം വത്തിക്കാൻ കൗൺസിലാണു്. സഭാജീവിതത്തിന്റെ കർത്തൃത്വം ക്രൈസ്തവസമൂഹത്തിനൊന്നാകെയുണ്ടെന്നും സഭ ദൈവജനത്തെ ഒന്നടങ്കം ഉൾക്കൊള്ളുന്നതാണെന്നും കൗൺസിൽ വ്യക്തമാക്കുന്നു.

സഭയിലെ വിവിധങ്ങളായ പദവികൾക്കു് അവയുടേതായ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടെന്നതു ശരിയാണു്. പക്ഷേ, അതേസമയംതന്നെ എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ പൗരോഹിത്യം, പ്രവാചകത്വം, രാജത്വം എന്നീ ത്രിവിധ ധർമ്മങ്ങളിൽ പങ്കു വഹിക്കുന്നവരാണു്. കാരണം, സഭ മുഴുവനുമാണു് സത്യത്തിന്റെ അരൂപിയെ സ്വീകരിച്ചിട്ടുള്ളതു്. ഹയരാർക്കിയുടെ അധികാരത്തെ അംഗീകരിക്കുകതന്നെ വേണം. എന്നാൽ, അത്മായർ, അനുസരിക്കുവാൻമാത്രം കടപ്പെട്ട നിഷ്ക്രിയരായ കേൾവിക്കാരാണെന്നു കരുതുന്നതു തെറ്റാണെന്നു കൗൺസിൽ പറയുന്നു.

സത്യം ഗ്രഹിക്കുന്നതിനുള്ള വരം സിദ്ധിച്ചിട്ടുള്ളതുകൊണ്ടുതന്നെ അത്മായക്കും സഭാപ്രവർത്തനങ്ങളിൽ അഭിപ്രായപ്രകടനത്തിനും സജീവഭാഗഭാഗിത്വത്തിനും അവസരം നല്കപ്പെടേണ്ടതാണു്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടാണു് കൗൺസിൽ ഇപ്രകാരം നിർദ്ദേശിക്കുന്നതു്: "അത്മായക്കു സഭയിലുള്ള ഉന്നതസ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടതാണു്. അവരുടെ വിവേകപൂർവ്വമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടുത്തണം. സഭാശുശ്രൂഷയിലുള്ള ചുമതല വിശ്വാസപൂർവ്വം അവരെ ഏല്പിക്കുകയും പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവും നല്കുകയും വേണം. ഇതിനു പുറമേ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ ചുമതലകൾ ഏറ്റെടുക്കാൻ അത്മായക്കു പ്രചോദനം നല്കേണ്ടതുമാണു്." (L. G. No. 37)



Sri. T. J. Thomas M. A.

വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അത്മായക്കു സഭാപ്രവർത്തനങ്ങളിൽ സജീവഭാഗഭാഗിത്വം നല്കുന്നതിനു് കോതമംഗലം രൂപത പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. ഈ ലക്ഷ്യ

ത്തോടെയാണ് മറ്റു പല ശ്രുപതകളും ഇതേപ്പറ്റി ചിന്തിച്ചുതുടങ്ങുന്നതിനു മുമ്പു തന്നെ 1967–ൽ പാസ്റ്ററൽ കൗൺസിൽ ശ്രുപീകരിക്കുവാൻ കോതമംഗലം ശ്രുപത തയ്യാറായതു്. അതുപോലെതന്നെ മിക്കവാറും ഇടവകകളിലും പാരിഷ്കൗൺസിലുകളും ശ്രുപീകരിക്കപ്പെട്ടു. ശ്രുപതാ പാസ്റ്ററൽ കൗൺസിലിൽ വൈദികപ്രതിനിധികളും അത്മായരുടെ തെരഞ്ഞെടുക്കപ്പെട്ടതും നിർദ്ദേശിക്കപ്പെട്ടതുമായ പ്രതിനിധികളും പിതാവിന്റെ അദ്ധ്യക്ഷതയിൽ വർഷത്തിൽ പല പ്രാവശ്യം സമ്മേളിച്ചു് ശ്രുപതയുടെ ആദ്ധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവുമായ പ്രവത്തനങ്ങളെപ്പറ്റി ചർച്ചചെയ്യുവരുന്നു.

പാസ്റ്ററൽ കൗൺസിലിന്റെ വിജയകരമായ പ്രവർത്തനത്തിനു് അതിന്റെ ലക്ഷ്യത്തെക്കുറിച്ചു് വ്യക്തമായ അവബോധം ആവശ്യകമാണു്. ശ്രുപതയുടെ പൊതുവായ ക്ഷേമത്തിൽ പാസ്റ്ററൽ കൗൺസിൽ എന്നപോലെ ഓരോ ഇടവകയിലേയും ക്രൈസ്തവജീവിതത്തെ ആരോഗ്യപൂർണ്ണമാക്കുന്നതിനു ഉദ്ദേശിച്ചുള്ളവയാണു് പാരിഷ്കൗൺസിലുകളും. ഇടവകയുടെ ജീവിതത്തിൽ എവിടെയാണു് നവീകരണം ആവശ്യകമെന്നും സഭാത്മൈക്യം വിജയപ്രദമായി തുടരുന്നതിനു് ഏതു മാർഗ്ഗം അവലംബിക്കണമെന്നും ചർച്ചചെയ്തു തീരുമാനിക്കേണ്ട ഉത്തരവാദിത്വം ഇവയ്ക്കുണ്ടു്. അഭിപ്രായ വ്യത്യാസത്തിന്റേയും ആശയവൈപരീത്യത്തിന്റേയും പേരിൽ പരസ്പരവിദ്വേഷവും മാത്സര്യവും ഒഴിവാക്കിക്കൊണ്ടു് ഓരോ ഇടവകയിലും ക്രൈസ്തവസ്നേഹവും ഐക്യവും പുലർത്തുവാൻ പാരിഷ്കൗൺസിലുകളും ശ്രദ്ധിക്കേണ്ടതുണ്ടു്.

ക്രിസ്തീയസമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കും ഉതകുന്ന എല്ലാ പ്രവത്തനങ്ങളും പാരിഷ്കൗൺസിലിന്റെ ലക്ഷ്യമായിരിക്കണം. ആരാധനക്രമത്തിൽ സജീവഭാഗഭാഗിത്വം, മതപഠനം, സാമൂഹ്യസേവനം ഈ വിഷയങ്ങളിലെല്ലാം ഓരോ ഇടവകസമിതിയും അവശ്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ദീർഘകാലമായി സജീവമായി പ്രവത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി അത്മായസംഘടനകളും നമ്മുടെ ശ്രുപതയിലുണ്ടു്. ശ്രുപതയുടെ ആദ്ധ്യാത്മികസാമൂഹികമണ്ഡലങ്ങളിൽ അവ മഹത്തായ സംഭാവനകളും നല്കിയിട്ടുണ്ടു്. 55 ശാഖകളും 600–ൽപരം അംഗങ്ങളുമുള്ള വിൻസെന്റു് ഡി പോൾ സംഘമാണു് ആദ്യമായി എടുത്തു പറയേണ്ടതു്. ക്രൈസ്തവരും അക്രൈസ്തവരുമായ ദരിദ്രജനവിഭാഗത്തെ ക്രിസ്തുവിന്റെ നാമത്തിൽ സഹായിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ഇതിന്റെ പ്രവത്തകർ ഉത്സുകരായി വത്തിക്കുന്നു. മിഷൻപ്രവത്തനങ്ങളെ സഹായിക്കുന്നതിനും യുവപ്രേഷിതരെ വാത്തെടുക്കുന്നതിനുമുള്ള മിഷൻലീഗു്, മരിയൻസൊഡാലിറ്റി, മുതിന്നവർക്കായുള്ള ഫ്രാൻസിസ്കൻമൂന്നാംസഭ, ബാലികാബാലന്മാർക്കായുള്ള തിരുബാലസഖ്യം, വിദ്യാർത്ഥികൾക്കു നേതൃത്വപരിശീലനം നല്കുന്ന കെ.സി.എസ്. എൽ., സി. എസ്. യു, വിദ്യാസമ്പന്നരായ വ്യക്തികൾക്കായുള്ള ന്യൂമാൻ അസോസിയേഷൻ, അദ്ധ്യാപകരുടെ ടീച്ചേഴ്സ് ഗിൽഡു്, അമ്മമാർക്കായുള്ള മാതൃസംഘം, യുവജനങ്ങളുടെ സി. വൈ. ഒ. തുടങ്ങിയ സംഘടനകളും ശ്രുപതയിലെ അത്മായ പ്രേഷിതപ്രവത്തനങ്ങൾക്കു നേതൃത്വം നല്കുന്നവയാണു്. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ശാഖയും രംഗത്തു പ്രവത്തിക്കുന്നുണ്ടു്.

കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് അത്മായപ്രേഷിതസംഘടനകളുടെ ഘടനയിലും പ്രവത്തനത്തിലും പരിവർത്തനങ്ങൾ വരുത്തേണ്ട

താവശ്യമാണ്. മുൻകാലങ്ങളിൽ ജനങ്ങളുടെ ആദ്ധ്യാത്മികപുരോഗതിയിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തപ്പെട്ടിരുന്നത്. മാത്രമല്ല സംഘടനയുടെ പ്രവർത്തനങ്ങളും അവയുടെ ഉള്ളിൽത്തന്നെ ഒതുക്കിനിർത്തിയിരുന്നു. സംഘടനാംഗങ്ങളുടെ ആദ്ധ്യാത്മികപുരോഗതിയിൽ ശ്രദ്ധിക്കുന്നതോടൊപ്പംതന്നെ കൂടുതൽ ജീവകാരുണ്യപരവും വികസനാഭിമുഖ്യമുള്ളതുമായ പ്രവർത്തനങ്ങളിൽ, ശ്രദ്ധ പതിപ്പിക്കണമെന്ന ബോദ്ധ്യം ഇന്നു കൂടുതൽ ശക്തമായിട്ടുണ്ട്. ക്രൈസ്തവസഭയിൽ ആകമാനം ഉണ്ടായിട്ടുള്ള ഉണർവിന്റെ ഒരു ഭാഗമാണിത്.


ക്രിസ്തുവിന്റെ സ്നേഹം ക്രൈസ്തവരുടെ പരസ്നേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ് ലോകം ദർശിക്കേണ്ടത്. ജാതിമതഭേദമെന്യേ ദരിദ്രരായ ജനവിഭാഗത്തിനു ഭക്ഷണവും വസ്ത്രവും പാർപ്പിടവും ലഭ്യമാക്കുന്നതിനു മാത്രമല്ല, സാമൂഹ്യനീതി കൈവരിക്കുന്നതിനും സാമ്പത്തിക വിമോചനം ത്വരിതപ്പെടുത്തുന്നതിനും സംഘടനകൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവ മനുഷ്യവ്യക്തിത്വത്തിന്റെ സമഗ്രമായ വികസനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കണം.

സേവനത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തുകയും പ്രവർത്തനമണ്ഡലങ്ങൾ വിസ്തൃതമാക്കുകയും ചെയ്യുന്നതോടൊപ്പം പല മണ്ഡലങ്ങളോടുമുള്ള നമ്മുടെ പരമ്പരാഗതമായ സമീപനത്തിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടതാവശ്യമാണ്. നാം തുടച്ചുയായി അവഗണിച്ചുകൊണ്ടിരുന്ന പല മണ്ഡലങ്ങളും അവയ്ക്ക് ഇന്നത്തെ മനുഷ്യന്റെമേലുള്ള സ്വാധീനംകൊണ്ടുതന്നെ വളരെയേറെ ശ്രദ്ധയർഹിക്കുന്നു. ഉദാഹരണമാണ് രാഷ്ട്രീയമണ്ഡലം. ജനതാമദ്ധ്യത്തിൽ നിലനില്ക്കുവാനോ പ്രവർത്തിക്കുവാനോ രാഷ്ട്രീയമണ്ഡലത്തെ പാടെ അവഗണിച്ചുകൊണ്ടു സാദ്ധ്യമല്ല. നീതിബോധവും ക്രൈസ്തവാദർശങ്ങളിൽ അടിയുറച്ച വിശ്വാസവുമുള്ള നേതാക്കന്മാർ നമ്മുടെ സമൂഹത്തിൽനിന്നുണ്ടാകണം. ക്രൈസ്തവസഭയ്ക്കുതന്നെ രാഷ്ട്രീയരംഗത്തു നിന്നുയരുന്ന ഭീഷണി നേരിടുവാൻ നാം പ്രബുദ്ധരായേ സാധിക്കൂ.

മനുഷ്യന്റെ സമഗ്രമായ വളർച്ചയും സമൂഹത്തിന്റെ സമ്പൂർണ്ണമായ വികാസത്തിനുംവേണ്ടിയാണു സഭ നിലകൊള്ളുക. സഭയുടെ ദൗത്യനിർവ്വഹണത്തിൽ ദൈവജനം മുഴുവനും, തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കി ക്രിയാത്മകമായി രംഗത്തു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദൈവവിളികളുടെ വിരളതയും വൈദികരുടെയും സന്യാസിനികളുടെയും സ്വാധീനക്കുറവും ഭാവിയിൽ സഭയ്ക്കു വലിയ പ്രതിസന്ധികളായി അനുഭവപ്പെടാനിടയുണ്ട്. അവയെ തരണം ചെയ്യുവാനുള്ള ഒരു പ്രധാന മാർഗ്ഗം, അല്മായർ തങ്ങളുടെ ദൗത്യം ശരിയായി ഗ്രഹിച്ചുകൊണ്ട് കർമ്മരംഗത്തേയ്ക്കു നീങ്ങുകയെന്നുള്ളതാണെന്നാണ് ഈ ലേഖകന്റെ സുചിന്തിതമായ അഭിപ്രായം.



യുവജനോത്തേജനം



Fr. Emmanuel Vattakuzhy

ഇന്നത്തെ ലോകത്തിൽ പ്രത്യേകമായി ശ്രദ്ധിക്കപ്പെടുന്ന ഒരു വിഭാഗമാണ യുവജനങ്ങളാണ്. സ്വഭാവത്തിലും പെരുമാറ്റത്തിലും മുതിർന്ന തലമുറയിൽനിന്നും പ്രസ്പഷ്ടമായ വ്യത്യാസങ്ങളോടുകൂടിയ യുവജനങ്ങൾ ആധുനികലോകത്തിലെ അവഗണിക്കാനാവാത്ത ഒരു ശക്തിയാണ്. ശാസ്ത്രസാങ്കേതികപുരോഗതിയും സമ്പർക്കമാദ്ധ്യമങ്ങളും ആധുനിക ലോകത്തിലെ ജീവിതപരിതഃസ്ഥിതികളും ഇന്നത്തെ യുവജനങ്ങളുടെമേൽ നിസ്സായകമായ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇന്നിന്റെ ആവശ്യം

സമൂഹത്തിലെ ഒരു ശക്തമായ വിഭാഗമാണ യുവജനങ്ങൾ എന്ന വസ്തുത ഇന്നു കൂടുതൽ അംഗീകരിക്കപ്പെട്ടുവരികയാണ്. ഈ ശക്തിയെ അവഗണിച്ചുകൊണ്ട് ഒരു പ്രസ്ഥാനവും വിജയിക്കയില്ലെന്ന മനസ്സിലാക്കിയ രാഷ്ട്രീയക്കാരും പാർട്ടികളും അവരവരുടെ യുവജനസംഘടനകൾ രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യുവജനങ്ങളുടെമേലുള്ള ഈ രാഷ്ട്രീയാധിപത്യം മുദ്രാവാക്യം മുഴക്കുവാനും പഠിപ്പുമുടക്കുവാനും സമരം ചെയ്യാനുംവേണ്ടി ജീവിക്കുന്ന ഒരു തലമുറയെയായിരിക്കും സൃഷ്ടിക്കുക.

ഒരു മനുഷ്യന്റെ സമ്പൂർണ്ണമായ വളർച്ചയ്ക്ക് ദൈവവും മതവും കൂടിയേ തീരൂ. ഒരു രാജ്യത്തിന്റേയും സമൂഹത്തിന്റേയും മുഖ്യസമ്പത്ത്, ധാർമ്മികവും മതപരവുമായ മൂല്യങ്ങളിൽ വളർന്നു വികസിച്ച, വ്യക്തിത്വവും അർപ്പണബോധവും ദൈവസ്നേഹവും മനുഷ്യസ്നേഹവുമുള്ള ഉത്തമ പൗരന്മാരാണ്. എന്നാൽ ഇത്തരം പൗരന്മാരെ വാർത്തെടുക്കുന്നതിനു് ഉപകരിക്കുന്നതല്ല, ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം. നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ ആദ്ധ്യാത്മികവികസനത്തിനു് ഗവൺമെന്റു വേണ്ടത്ര പ്രാധാന്യം കല്പിക്കുന്നില്ല. ഈ കുറവു പരിഹരിച്ച്, യുവജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കുതകുന്ന പ്രസ്ഥാനങ്ങളിൽ ഏർപ്പെടുവാൻ സഭയ്ക്ക് അവകാശവും കടമയുമുണ്ട്. സഭ, ആദ്ധ്യാത്മികമാതാവെന്ന നിലയിൽ അർപ്പണബോധവും കഴിവും, ധാർമ്മികബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ യുവജനസംഘടനകൾവഴി പ്രവർത്തിക്കേണ്ടതു് ഇന്നത്തെ ഏറ്റവും വലിയ ആവശ്യമാണ്.

പ്രത്യേകതകൾ

യുവജനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കുന്നവർ യുവജനങ്ങളുടെ പ്രത്യേകതകൾ പരിഗണിക്കേണ്ടതാണ്. മികച്ചതും മെച്ചപ്പെട്ടതുമായ ഒരു നാളെയുണ്ടാവേണ്ടി പതിനായിരം പ്രതീക്ഷകളും സ്വപ്നങ്ങളുമായി കഴിയുന്നവരാണ് യുവജനങ്ങൾ. മെച്ചപ്പെട്ട ഒരു ലോകം പണിതുയർത്താൻ, അവർ കിണഞ്ഞു പരിശ്രമിക്കുന്നു. ഇതിനു് അവർ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ ചിലപ്പോൾ തെറ്റായിരിക്കാം. എങ്കിലും, സമത്വസുന്ദരമായ ഒരു സമൂഹം കെട്ടിയുയർത്തണമെന്ന ആഗ്രഹം, അവരുടെ ശിരസ്സിലുണ്ട്. വലിയവരുടെ അഴിമതിയും അനീതിയും ആത്മാർത്ഥതക്കുറവും അവർ നഖശിഖാന്തം എതിർക്കും. ഇങ്ങനെ നോക്കുമ്പോൾ, യുവജനങ്ങൾ ആദർശവാദികളാണ്. ഈ ആദർശപ്രാപ്തിക്കുവേണ്ടി, എന്തുത്യാഗവും സഹിക്കാനുള്ള സാഹസിക സന്നദ്ധതയും യുവജനങ്ങളിലുണ്ട്. അതുകൊണ്ട്, യുവജനങ്ങൾ മുഴുവൻ വഴിതെറ്റിപ്പോയി എന്ന പല്ലവി എപ്പോഴും ശരിയല്ല. അവർക്ക് ലക്ഷ്യബോധമുണ്ട്. ആ ലക്ഷ്യങ്ങൾ നേടാൻ വേണ്ടത്ര അനുകൂലമായ സാഹചര്യങ്ങൾ ഇല്ലാത്തതേയുള്ളൂ.

യുവജനങ്ങൾ പുതുമയുടെ ആരാധകരാണ്. പ്രായമായവരേക്കാൾ പുതുമയുടെ പിറവി ആഗ്രഹിക്കുന്നതും, പഴമയുടെ പിന്മാറ്റത്തിൽ ആഹ്ലാദിക്കുന്നതും യുവജനങ്ങളാണ്. തന്മൂലം, ഫാഷനുകൾ അവരെ പെട്ടെന്ന് ആകർഷിക്കും. പഴയ പാരമ്പര്യങ്ങളെയും സംവിധാനങ്ങളെയും അവർ ചോദ്യം ചെയ്യും. പഴയ രീതികൾ അവർ തുടർന്നുകൊണ്ടുപോകണമെന്നു നിർബന്ധിക്കുമ്പോൾ മുതിർന്നവരോട് അവർക്ക് എതിർപ്പു തോന്നും. ഇതു ചിലപ്പോൾ, മതവിശ്വാസത്തോടുള്ള എതിർപ്പായിപ്പോലും മാറാൻ ഇടയുണ്ട്.

